# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026

**സെൻറ് ജോർജ്ജസ് യു പി എസ്**
**വേളൂക്കര**

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും, ധാരണകളും, മനോഭാവങ്ങളും, രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയെ നാം ലക്ഷ്യം വയ്ക്കുന്നു. വികസനോന്മുഖമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസപ്രക്രിയ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. എല്ലാ വിദ്യാർത്ഥികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് തുല്യതയും, ഗുണനിലവാരവുമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും, എല്ലാവർക്കും അനുയോജ്യമായ പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് സ്കൂൾതല അക്കാദമിക പ്ലാനിന്റെ ദൗത്യം.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ സാധിച്ചിട്ടുണ്ട്. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ സമഗ്രവളർച്ചയിൽ അധ്യാപകരും, രക്ഷിതാക്കളും, PTA, MPTA, വിദ്യാഭ്യാസ സംവിധാനങ്ങളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, എല്ലാവരുടെയും കൂട്ടായ പരിശ്രമവും സഹകരണവും അനിവാര്യമാണ്. വിദ്യാലയത്തെ മികവുറ്റതാക്കാനും, പുതിയ പാഠപുസ്തകങ്ങളിലെ ആശയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ 2024-2025 അധ്യയനവർഷത്തെ സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ തികച്ചും വിദ്യാലയത്തിന്റെ ഗുണനിലവാരം ഉയർത്താനുള്ള പ്രയത്നത്തിന്റെ ഭാഗമാണ്.

# PROFILE

വിദ്യാലയത്തിന്റെ പേര് : സെന്റ്. ജോർജ്ജസ് യു. പി. സ്കൂൾ വെള്ളൂക്കര.

ഹെഡ്മിസ്ട്രസ്സ് : ശ്രീമതി. റാണി ജോൺ.

ഫോൺ നമ്പർ : 9645496901

പഞ്ചായത്ത് : പരിയാരം.

ഉപജില്ല : ചാലക്കുടി

വിദ്യാഭ്യാസ ജില്ല : ഇരിഞ്ഞാലക്കുട

ജില്ല : തൃശ്ശൂർ.

ബ്ലോക്ക് : ചാലക്കുടി

BRC : ചാലക്കുടി.

അധ്യാപകർ :-

LPST - 5

UPST - 5

Office Attendant - 1

email :- Stgeorgeups.v@gmail.com

phone :- 0480-2748678.

# പൊതു വിശകലനം

കലാ സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന തൃശ്ശൂർ ജില്ലയിലെ പ്രകൃതി സൗന്ദര്യം നിറഞ്ഞൊഴുകുന്ന ഒരു ഗ്രാമപ്രദേശമാണ് തുമ്പരക്കോട്. വളരുന്ന തലമുറയുടെ വിദ്യാഭ്യാസാവശ്യങ്ങൾക്കും അക്ഷര വളർച്ചത്തിനും വേണ്ടിയുള്ള ഒരു ഗ്രാമത്തിന്റെ സ്വപ്നസാക്ഷാത്കാരമാണ് വെള്ളൂക്കര സെന്റ്. ജോർജ്ജസ് യു. പി. സ്കൂൾ. 1927 ൽ ആരംഭം കുറിച്ച ഈ വിദ്യാലയം ഇന്ന് 97 വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്. ഒന്നു മുതൽ 7 വരെ ക്ലാസുകളാണ് വിദ്യാലയത്തിനുള്ളത്. സാമൂഹികപരമായും, സാമ്പത്തികപരമായും, വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ നിന്നുമുള്ള കുറെ വിദ്യാർത്ഥികൾ വിദ്യാലയത്തിലുണ്ട്. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള മികവുറ്റ പരിപാടികൾ വിദ്യാലയത്തിൽ നടപ്പിലാക്കി വരുന്നു. നാട്ടിൻപുറത്തിന്റെ നന്മയും മൂല്യബോധവുമുള്ള ഒരു വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിന് ഈ വിദ്യാലയം ഇന്നും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

# ലക്ഷ്യങ്ങൾ

ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ പഠനലക്ഷ്യങ്ങളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.

കുട്ടികളുടെ കഴിവുകൾ കണ്ടെത്താൻ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുക. അവ പരിപോഷിപ്പിക്കൽ.

* മുഴുവൻ ക്ലാസുകളിലും ICT സാധ്യത ലഭ്യമാക്കൽ.
* ഗവേഷണാത്മക പഠനത്തിന് അവസരമൊരുക്കുക. സയൻസ് ലാബ്, ആസ്ട്രോണമി ലാബ്, തുടങ്ങിയവ പ്രയോജനപ്പെടുത്തി ക്ലാസുകൾ മികവുറ്റതാക്കുക.
* പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* ലാബുകൾ കൂടുതൽ സജ്ജീകരണങ്ങൾ നൽകി പ്രയോജനപ്പെടുത്തുക.
* ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയവ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
* പുതുതലമുറയ്ക്ക് കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
* ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തൽ.